പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 701 — 29/6/2011-ൽ മറുപടിക്ക്

## ശ്രീ. വെള്ളുത്തകുഞ്ഞിന്റെ ചികിത്സാചെലവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. പി. സി. വിഷ്ണുനാഥ് : | | കുമാരി പി. കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) | 28-12-2010-ലെ പട്ടികജാതി പട്ടിക വർഗ്ഗ വികസന (ഇ) വകുപ്പിന്റെ സർക്കാർ ഉത്തരവ് 1333/10 പ്രകാരം ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ കൊഴുവല്ലൂർ ശ്രീജാ വിലാസത്തിൽ വെള്ളുത്ത കുഞ്ഞിന് ചികിത്സക്കായി അനുവദിച്ച ഇരുപതിനായിരം രൂപ തുടർ ചികിത്സയ്ക്കായി നൽകുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽമേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ), (ബി) ആന്റ് (സി) | ശ്രീ. വെള്ളുത്തകുഞ്ഞ്, ശ്രീജാ വിലാസം, കൊഴുവല്ലൂർ പി.ഒ., മുളക്കുഴ ചെങ്ങന്നൂർ എന്നയാൾ 17-12-2010 ൽ ചികിത്സ ധനസഹായത്തിന് സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ ടിയാൾക്ക് 28-12-2010-ലെ സർക്കാർ ഉത്തരവ് നം. 1333/10/പ.ജ.പ.വ. വി.വ. പ്രകാരം 20,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ ടിയാൾക്ക് ഇതിനു മുമ്പ് രണ്ടു പ്രാവശ്യമായി 24,500/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ഒരു വ്യക്തിക്ക് പരമാവധി 25,000/- രൂപ വരെ മാത്രമേ ചികിത്സ ധനസഹായമായി അനുവദിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ടി ഉത്തരവ് പ്രകാരം അനുവദിച്ച 20,000/- രൂപ കൂടി വിതരണം ചെയ്യുന്നതിന് പ്രത്യേക അനുമതി ഉത്തരവ് നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ്, ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 9-1-1998 ലെ ജി.ഒ.(കൈ) 1/98/പജ.പവ.വി.വ. പ്രകാരം ചികിത്സ ചെലവുകൾക്ക് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 25,000/- രൂപ വരെ മാത്രമേ ചികിത്സ ധനസഹായമായി അനുവദിക്കാൻ കഴിയുകയുള്ളൂ എന്നതി നാലും ടിയാൾക്ക് രണ്ട് പ്രാവശ്യമായി 24,500/- രൂപ അനുവദിച്ചു നൽകിയ സാഹചര്യത്തിൽ ഇനി അദ്ദേഹത്തിന് അർഹതയുള്ള 500/- രൂപ മാത്രം വിതരണം |
| (ബി) | പ്രസ്തുത തുക അടിയന്തിരമായി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | | |
| (സി) | ചികിത്സാ ധനസഹായമായി ഒരു വ്യക്തിക്ക് എത്ര തുക ഒരു സാമ്പത്തിക വർഷത്തിൽ നൽകുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ; അതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | | |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| | | | ചെയ്യുവാൻ പട്ടികജാതി വികസന വകുപ്പ്, ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. 9-1-1998 ലെ ജി.ഒ.(കൈ)1/98/പജ.പവ.വി.വ. പ്രകാരം ചികിത്സ ചെലവുകൾക്ക് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 25,000/- രൂപ വരെ മാത്രമേ ചികിത്സ ധനസഹായമായി അനുവദിക്കാൻ കഴിയുകയുള്ളൂ. ഒരു വ്യക്തിക്ക് എത്ര തുക ഒരു സാമ്പത്തിക വർഷം നൽകാം എന്നതു സംബന്ധിച്ച ഉത്തരവുകളൊന്നും നിലവിലില്ല. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.